**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4888** **14-03-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ബൈപ്പാസ് എപ്പോൾ തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തികൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്. BC വരെയുള്ള (90%) പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഏപ്രിൽ അവസാനത്തോടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബൈപ്പാസ് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ദേശീയ പാതയിൽ നിന്നും ബൈപ്പാസ് ആരംഭിക്കുന്ന സ്ഥലത്തും അവസാനിക്കുന്ന ഭാഗത്തും പ്രവേശന കവാടങ്ങൾക്ക് (വെൽമൗത്തുകൾ) വേണ്ടത്ര വീതിയില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ബഹു.പേരാമ്പ്രഎം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തിയാവുമ്പോൾ കല്ലോട് കക്കാട് പ്രവേശന കവാടങ്ങൾക്ക് (Bellmouth) ഉണ്ടാവാൻ സാധ്യതയുള്ള ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കല്ലോട് ഭാഗത്തെയും, കക്കാട് ഭാഗത്തെയും പ്രവേശന കവാടം വീതി കൂട്ടുന്നതിനും, ട്രാഫിക് ഐലന്റ് നിർമ്മാണത്തിനും വേണ്ടി കിഫ്ബിയിൽ പ്രോപ്പോസൽ സമർപ്പിക്കുന്നതിനു തീരുമാനിക്കുക യുമുണ്ടായി. അതനുസരിച്ച് 15/12/22-ൽ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി കൂടുതൽ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ആർ.ബി.ഡി.സി. മുഖേന കിഫ്ബിക്ക് ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ബഹു.പേരാമ്പ്രഎം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തിയാവുമ്പോൾ കല്ലോട് കക്കാട് പ്രവേശന കവാടങ്ങൾക്ക് (Bellmouth) ഉണ്ടാവാൻ സാധ്യതയുള്ള ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കല്ലോട് ഭാഗത്തെയും, കക്കാട് ഭാഗത്തെയും പ്രവേശന കവാടം വീതി കൂട്ടുന്നതിനും, ട്രാഫിക് ഐലന്റ് നിർമ്മാണത്തിനും വേണ്ടി കിഫ്ബിയിൽ പ്രോപ്പോസൽ സമർപ്പിക്കുന്നതിനു തീരുമാനിക്കുക യുമുണ്ടായി. അതനുസരിച്ച് 15/12/22-ൽ പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഉണ്ട്. ബഹു.പേരാമ്പ്രഎം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തിയാവുമ്പോൾ കല്ലോട് കക്കാട് പ്രവേശന കവാടങ്ങൾക്ക് (Bellmouth) ഉണ്ടാവാൻ സാധ്യതയുള്ള ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കല്ലോട് ഭാഗത്തെയും, കക്കാട് ഭാഗത്തെയും പ്രവേശന കവാടം വീതി കൂട്ടുന്നതിനും, ട്രാഫിക് ഐലന്റ് നിർമ്മാണത്തിനും വേണ്ടി കിഫ്ബിയിൽ പ്രോപ്പോസൽ സമർപ്പിക്കുന്നതിനു തീരുമാനിക്കുക യുമുണ്ടായി. അതനുസരിച്ച് 15/12/22-ൽ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ